മലയാള മനോരമ

27°C
Thiruvananthapuram

# 'അടിത്തറയിളക്കി സ്റ്റാഗ്ഫ്ലേഷൻ; ഇന്ത്യയിൽ മാന്ദ്യം, സാമ്പത്തികശക്തിയാകുമെന്നത് നുണ'

ആർ. ശശിശേഖർ
JUNE 15, 2022 02:38 PM IST

കോവിഡും യുക്രെയ്ൻ യുദ്ധവും സൃഷ്ടിച്ച പ്രതിസന്ധി ഇന്ത്യൻ സമ്പദ്ഘടനയിൽ വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരുവശത്ത് കടുത്ത സാമ്പത്തിക മാന്ദ്യവും മറുവശത്ത് രൂക്ഷമായ വിലക്കയറ്റവും. 'സ്റ്റാഗ്ഫ്ലേഷൻ' എന്നാണ് ഈ പ്രതിഭാസത്തെ സാമ്പത്തിക ശാസ്ത്രം വിശേഷിപ്പിക്കുന്നത്. സ്വാതന്ത്ര ഭാരതത്തിലെ ഏറ്റവും വലിയ തകർച്ചയാണ് ഇപ്പോൾ രാജ്യം നേരിടുന്നതെന്നു പറയുന്നു, സാമ്പത്തിക ശാസ്ത്രജ്ഞനും സംസ്ഥാന ധനകാര്യ കമ്മിഷൻ മുൻ അധ്യക്ഷനുമായ ഡോ. ബി.എ. പ്രകാശ്. 'വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവും അതിരൂക്ഷമാണ്. എന്നാൽ സാമ്പത്തിക അടിത്തറ ഭദ്രമാണെന്ന തെറ്റിദ്ധാരണയിലൂടെയാണ് ഇന്ത്യ മുന്നോട്ടു പോകുന്നത്. ദരിദ്രരുടെ കണക്കുപോലും എടുക്കാൻ കഴിഞ്ഞ പത്തു വർഷമായി നമുക്കു കഴിഞ്ഞിട്ടില്ല. കോവിഡിനു ശേഷം പട്ടണങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കു വൻ പലായനമാണുണ്ടായിട്ടുള്ളത്. അവരിൽ ബഹുഭൂരിപക്ഷവും തൊഴിൽരഹിതരായി തുടരുന്നു. യുക്രെയ്ൻ യുദ്ധത്തിനു ശേഷം ആർക്കും ആരെയും ആക്രമിക്കാവുന്ന സ്ഥിതിയാണ്. അതുകൊണ്ടുതന്നെ ഓരോ രാജ്യവും സ്വന്തം സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്ന നയങ്ങളിലേക്കു മാറുകയാണ്. 1990കളിൽ ഇന്ത്യ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളിലേക്കു മാറി. എന്നാൽ ഇപ്പോൾ ലോക സാമ്പത്തികക്രമം തന്നെ മാറിയിരിക്കുന്നു. മിക്സഡ് സമ്പദ്ഘടനയിലേക്കു മടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാൻ സമയമായി'-ഡോ.ബി.എ.പ്രകാശ് പറയുന്നു. ഇന്ത്യ കടന്നു പോകുന്ന സാമ്പത്തിക പ്രതിസന്ധികളെക്കുറിച്ച് മനോരമ ഓൺലൈൻ 'ദി ഇൻസൈഡറി'നോടു സംവദിക്കുകയാണ് അദ്ദേഹം.

- **കോവിഡിൽനിന്നു കരകയറാനാകാതെ**

2020 മാർച്ചിനു ശേഷം ലോകവ്യാപകമായി കോവിഡ് മഹാമാരി പൊട്ടിപുറപ്പെട്ടു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യമാണ് ഇന്ത്യയ്ക്കും ലോകത്തിനും അതു സൃഷ്ടിച്ചത്. അതിന്റെ ആഘാതത്തിൽനിന്നു കരയ്ക്കു കയറാൻ തുടങ്ങുമ്പോഴാണ് റഷ്യ യുക്രെയ്നിനെ ആക്രമിച്ചത്. യുദ്ധം ലോകത്തിന്റെ സാമ്പത്തിക ക്രമത്തിൽത്തന്നെ വലിയ

WEBSITE ASSISTANT
Ad

ഇതിനെ സാധൂകരിക്കുന്നതിനായി ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് ഓഫിസ് മേയിൽ പ്രസിദ്ധീകരിച്ച കണക്കുകൾ പരിശോധിക്കാം.

ഇന്ത്യയുടെ ജിഡിപി 2019-20ൽ 145.15 ലക്ഷം കോടി രൂപ ആയിരുന്നു. 2020-21ൽ അത് 135.58 ലക്ഷം കോടിയായി കുറഞ്ഞു. 2021-22 ൽ അത് 147.35 ലക്ഷം കോടി ആയി വർധിച്ചു. അതായത് കോവിഡിനു മുൻപു നിലനിന്ന ജിഡിപിയുമായി താരതമ്യപ്പെടുത്തിയാൽ വർധന 1.51 ശതമാനം മാത്രമാണ്. ഇതിനെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നു കരകയറിയതിന്റെ സൂചനയായി നമുക്കു കാണാൻ കഴിയില്ല. സാമ്പത്തിക മേഖലയുടെ ചലനം നിർണയിക്കുന്നത് പ്രൈവറ്റ് ഫൈനൽ കൺസംപ്ഷൻ എക്സ്പെൻഡിച്ചർ ആണ്; ഉപഭോഗ വസ്തുക്കൾക്കായി ചെലവാക്കുന്ന തുക. ഇത് ആഭ്യന്തര മൊത്തവരുമാനത്തിന്റെ (ജിഡിപി) എത്ര ശതമാനം ആണെന്നും അതിൽ എത്ര മാറ്റം വന്നുവെന്നുമുള്ളതാണു പ്രധാനം. 2019-20ൽ ഇത് 56.9 ശതമാനം ആയിരുന്നു. 2021-22 ലും അതിനു മാറ്റമുണ്ടായില്ല. എന്നാണു വ്യക്തമാകുന്നത്. കോവിഡിനു മുൻപുള്ള സ്ഥിതിയിൽനിന്നു സാമ്പത്തികരംഗത്ത് കാര്യമായ മാറ്റം ഉണ്ടായില്ലെന്നർഥം.

പ്രതിശീർഷ വരുമാനം 2019-20ൽ 1,08,247 രൂപയായിരുന്നു. 2020-21ൽ ഇത് 1,00,032 ആയി കുറഞ്ഞു. 2021-22 ൽ അത് 10,7670 ആയി നിൽക്കുന്നു അതായത് 2021-22ലെ പ്രതിശീർഷ വരുമാനത്തിൽ, കോവിഡിനു മുൻപുള്ള അവസ്ഥയേക്കാൾ കുറവാണ് ഉണ്ടായിരിക്കുന്നത്. ഇനി സർക്കാരിനു കിട്ടിയിരിക്കുന്ന നികുതികൾ പരിശോധിക്കാം . 2019- 20ൽ നികുതി വിഹിതം 12.96 ലക്ഷം കോടി രൂപയാണ്. 2020-21ൽ അത് 9.73 ലക്ഷം കോടി ആയി കുറഞ്ഞു. 2021-22 ൽ 11.30 ലക്ഷം കോടി ആയി ഉയർന്നു. എന്നാൽ കോവിഡിനു മുൻപുള്ള നികുതിപോലും കേന്ദ്ര സർക്കാരിനു കിട്ടുന്നില്ല. ഇതൊക്കെ കാണിക്കുന്നത് കോവിഡിനു മുൻപുള്ള സാമ്പത്തിക നിലയിലേക്ക് ഇന്ത്യയ്ക്ക് ഇതുവരെ എത്താൻ കഴിഞ്ഞിട്ടില്ലെന്നാണ്.

- **വില ഇങ്ങനെ കൂടിയാൽ!**

2021-22ൽ വലിയ തോതിലുള്ള വിലക്കയറ്റമാണ് ഉണ്ടായത്. അത് ഉയർന്നുതന്നെ നിൽക്കുന്നു. അതു കണക്കാക്കാൻ രണ്ടു സൂചികകളാണ് ഉയോഗിക്കുന്നത്. മൊത്ത ഉപഭോക്തൃ സൂചികയാണ് ഒന്ന്. 2020-21ൽ എല്ലാ ഉൽപന്നങ്ങളുടെയും വില സൂചിക 1.3 ശതമാനം ആയിരുന്നത് 2021-22ൽ 13 ശതമാനം ആയി വർധിച്ചു. ഇന്ധനം- വൈദ്യുതി മേഖലകളിലെ വർധന 2020-21ൽ പൂജ്യത്തിനു താഴെ ആയിരുന്നത് 2021-22ൽ 32.8 ശതമാനം ആയി വർധിച്ചു. രാജ്യത്തു നിർമിക്കുന്ന

WEBSITE ASSISTANT
Ad

21-

ഉപഭോക്തൃ സാധനങ്ങളുടെയും സേവനങ്ങളുടെയും വില സൂചികയായ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഏപ്രിൽ 2021ൽ 4.2 ശതമാനം ആയിരുന്നു. 2022 ഏപ്രിലിൽ അത് 7.8 ശതമാനം ആയി വർധിച്ചു. 2020 മേയ് ഒന്നിന് ഡൽഹിയിലെ പെട്രോൾ വില ലീറ്ററിന് 70 രൂപ മാത്രമായിരുന്നു. നവംബറിൽ അത് 110 ആയി വർധിച്ചു. ഈ കണക്കുകൾ വ്യക്തമാക്കുന്നത് വിലക്കയറ്റം കുതിച്ചുയരുന്നുവെന്നാണ്. തുടർച്ചയായ സാമ്പത്തിക മാന്ദ്യത്തിനിടെ വിലവർധന കുതിച്ചുയരുന്ന ഈ പ്രതിഭാസത്തെയാണ് 'സ്റ്റാഗ്ഫ്ലേഷൻ' എന്നു സാമ്പത്തിക ശാസ്ത്രത്തിൽ വിശേഷിപ്പിക്കുന്നത്.

- **തൊഴിലില്ലായ്മ പെരുകുന്നു, ദാരിദ്ര്യവും**

തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമാവുകയാണ്. സംഘടിത മേഖലയിലും വലിയ കമ്പനികളിലും പ്രവർത്തിക്കുന്നവരെയും സർക്കാർ ജോലി ചെയ്യുന്നവരെയും ഈ സാമ്പത്തിക മാറ്റം കാര്യമായി ബാധിച്ചിട്ടില്ല. ഈ രംഗങ്ങളിലുള്ളവരുടെ തൊഴിലിനു കാര്യമായ പ്രശ്നം വന്നിട്ടില്ലെന്നതാണ് അതിന്റെ കാരണം. യഥാർഥത്തിൽ ഈ സാഹചര്യം വൻകിട ഉൽപാദകർക്ക് അനുകൂലവുമാണ്. എന്നാൽ അസംഘടിത മേഖലയിൽ വലിയ തകർച്ചയാണ് ഉണ്ടായിരിക്കുന്നത്. ഒട്ടേറെപ്പേർക്കു തൊഴിൽ നഷ്ടപ്പെടുകയും വരുമാനം ഇല്ലാതാവുകയും ചെയ്തു. ഇന്ത്യയിലെ തൊഴിൽ സേനയിൽ പകുതിയോളം പേർ തൊഴിൽ ഇല്ലാതെ നിൽക്കുന്നു. കേന്ദ്ര സർക്കാർ നടത്തിയ സർവേ അനുസരിച്ച് തൊഴിൽ രഹിതരുടെ നിരക്ക് 10 ശതമാനത്തിലധികമാണ്. അസംഘടിത മേഖല, സ്വയം തൊഴിൽ, കാഷ്വൽ തൊഴിൽ എന്നിവിടങ്ങളിലാണ് ഏറ്റവും വലിയ തൊഴിലില്ലായ്മയുള്ളത്. .

- **ദരിദ്രരുടെ കണക്കെവിടെ?**

ദരിദ്ര ജനവിഭാഗങ്ങളുടെ എണ്ണം വൻതോതിൽ ഉയർന്നിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ബിപിഎൽ കണക്കെടുപ്പ് (ദാരിദ്ര്യ രേഖയുടെ താഴെയുള്ളവരുടെ കണക്ക്) കഴിഞ്ഞ പത്തുവർഷമായി എടുത്തിട്ടില്ല. ഇതു ഭരണ സംവിധാനത്തിന്റെ പരാജയമാണ്. പുതിയ സാമ്പത്തിക സർവേയിൽ പോലും 2011ലെ കാര്യമാണു പറയുന്നത്. അതനുസരിച്ച് മൊത്തം ജനസംഖ്യയിൽ 22 ശതമാനം പേരും ബിപിഎൽ വിഭാഗത്തിലാണ്. കോവിഡിനു ശേഷം ദരിദ്രരുടെ എണ്ണത്തിൽ വൻ വർധനവുണ്ടായിരിക്കാനാണു. സാധ്യത. എന്നാൽ സമ്പദ്ഘടനയുടെ അടിത്തറ ശക്തമാണെന്ന പ്രചാരമാണ് നടക്കുന്നത്. വൈകാതെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുമെന്ന പ്രചാരണവും ശക്തമാണ്. എന്നാൽ വസ്തുത അതല്ല.

WEBSITE ASSISTANT
Ad

ൽ
വലിയൊരു പങ്കും തൊഴിൽ രംഗത്തേക്കു തിരികെ എത്തിയിട്ടില്ല. ലോകത്ത ഏറ്റവും കൂടുതൽ പ്രവാസികളുള്ള രാജ്യമാണ് ഇന്ത്യ. കോവിഡിനെത്തുടർന്ന്, വന്ദേമാതരം മിഷനിലൂടെ മാത്രം 55. 93 ലക്ഷം പ്രവാസികൾ മടങ്ങിവന്നുവെന്നാണു കണക്ക്. അതിൽ 72 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. ഇതിൽ മടങ്ങിപ്പോകാത്തവർ ധാരാളമുണ്ട്. അവരുടെ വരുമാനം കൊണ്ടു കഴിഞ്ഞിരുന്ന കുടുംബങ്ങളുടെ സ്ഥിതി എന്താണ്? ഇതെല്ലാം ദരിദ്ര ജന വിഭാഗങ്ങളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും സാമ്പത്തിക സ്ഥിതിയെപ്പറ്റി പറയുന്ന സർക്കാർ കണക്കുകളിൽ കാണുന്നില്ല.

- **യുക്രെയ്ൻ യുദ്ധത്തിന്റെ പാഠം**

യുക്രെയ്ൻ യുദ്ധം വന്നതോടെ കാര്യങ്ങൾ സങ്കീർണമാവുകയാണ്. യുദ്ധം ലോക സാമ്പത്തിക ക്രമത്തിൽ വലിയ മാറ്റമാണു വരുത്തിയിരിക്കുന്നത്. ഇന്ധന വിലവർധനവിന്റെ പ്രധാന കാരണം യുദ്ധമാണ്. അതിനു മുൻപുതന്നെ ഗൾഫിൽ ക്രൂഡ് ഓയിലിന്റെയും പെട്രോളിന്റെയും വില വർധിച്ചിരുന്നു. എന്നാൽ യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് യുഎസ് ഏർപ്പെടുത്തിയിരിക്കുന്ന സാമ്പത്തിക ഉപരോധം കാരണം ചരക്കു നീക്കം തടസ്സപ്പെട്ടിരിക്കുന്നു. യുദ്ധത്തിലൂടെ റഷ്യയും സാമ്പത്തിക ഉപരോധത്തിലൂടെ യുഎസും ലോകത്തു വലിയ ഭീകരതയാണു സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇത് പ്രതിസന്ധിയിലാക്കുന്നത് ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളെയാണ്.

- **ഇനി മടങ്ങാം മിശ്ര സമ്പദ്ഘടനയിലേക്ക്**

കേന്ദ്ര സർക്കാരിന്റെ ധനസ്ഥിതി ഒട്ടും മെച്ചമല്ല. വൻതോതിൽ കടം എടുത്തുകൊണ്ടിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ 2020-21ലെ ധനകമ്മി 18.21 ലക്ഷം കോടി രൂപയായി വർധിച്ചു. അതായത് രാജ്യത്തിന്റെ ജിഡിപിയുടെ 9 ശതമാനം. ധനസ്ഥിതി മെച്ചമാക്കാനുള്ള നടപടികൾ ആവശ്യമാണ്. അതോടൊപ്പം കോവിഡ് കാരണം തൊഴിലും വരുമാനവും നഷ്ടപ്പെട്ടു തകർന്നവർ, മടങ്ങിയെത്തിയ പ്രവാസികൾ, മറ്റു ദുരിതം അനുഭവിക്കുന്നവർ എന്നിവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. രാജ്യം അനുവർത്തിച്ചു വരുന്ന കമ്പോള സമ്പദ്ഘടനയ്ക്കു പുറത്തു കടക്കുകയാണ് അതിനുള്ള മാർഗം. മിശ്ര സമ്പദ്ഘടനയിലേക്ക് (മിക്സഡ് എക്കോണമി) തിരിച്ചു പോകേണ്ട സമയം ആയിരിക്കുന്നു.

1990കളിൽ കമ്പോള സാമ്പത്തിക നയങ്ങളിലേക്കു പോയ ലോക സാമ്പത്തികക്രമമല്ല ഇന്നു നിലനിൽക്കുന്നത്. ആഗോളവൽക്കരണ പ്രക്രിയയെ ആശ്രയിച്ച് നമുക്കു മുന്നോട്ടു പോകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ സ്വന്തം കാര്യം നോക്കുന്ന സ്വാശ്രയ നയങ്ങളിലേക്കു മാറിച്ചിന്തിക്കേണ്ട സമയമായി.

WEBSITE ASSISTANT
Ad

രാജ്യങ്ങൾ അതിരത്തി അടച്ചു തുടങ്ങി. പുതിയതായി ആരും ആരെയും പ്രവേശിപ്പിക്കാത്ത സ്ഥിതിയാണ്.

കൊറോണ മനുഷ്യ നിർമിത വൈറസാണെന്ന അഭിപ്രായം പൊതുവെ ഉണ്ട്. മനുഷ്യനെ കൊല്ലാനുള്ള വൈറസുകൾ സൃഷ്ടിക്കുകയാണ് അധികാര ഭ്രാന്തുപിടിച്ച ഭരണകർത്താക്കൾ. അതും ഭാവിയിൽ വന്നു കൂടായ്കയില്ല. യുക്രെയ്നെ റഷ്യ ആക്രമിച്ച വ്യവസ്ഥിതിയെ ലോകം അംഗീകരിക്കുന്ന സ്ഥിതിയാണ്. ആർക്കും സ്വന്തം താൽപര്യങ്ങൾ മുൻ നിർത്തി ആരെയും ആക്രമിക്കാം. ആക്രമിക്കപ്പെടുന്നവർക്കു നേരെ ഒരിടത്തുനിന്നും സഹായ ഹസ്തം നീളുകയില്ല. ഇതൊക്കെ വ്യക്തമാക്കുന്നത് ഇനിയും പഴയ നയങ്ങളുമായി നമുക്കു മുന്നോട്ടുപോകാൻ കഴിയില്ലെന്നതാണ്. കോവിഡും യുക്രെയ്ൻ യുദ്ധവും നൽകിയ പാഠങ്ങളുടെ അടിസ്ഥാനത്തിലാകണം ഇനിയുള്ള ഇന്ത്യയുടെ സാമ്പത്തിക നയങ്ങൾ രൂപീകരിക്കേണ്ടത്.

**English Summary:** Is Indian Economy Struggling with Stagflation? Economist Dr. BA Prakash Explains

TAGS: Indian Economy | MM Premium | Economic Crisis | Narendra Modi

Advertisement

ഇവിടെ പോസ്റ്റു ചെയ്യുന്ന അഭിപ്രായങ്ങൾ മലയാള മനോരമയുടേതല്ല. അഭിപ്രായങ്ങളുടെ പൂർണ ഉത്തരവാദിത്തം രചയിതാവിനായിരിക്കും. കേന്ദ്ര സർക്കാരിന്റെ ഐടി നയപ്രകാരം വ്യക്തി, സമുദായം, മതം, രാജ്യം എന്നിവയ്ക്കെതിരായി അധിക്ഷേപങ്ങളും അശ്ലീല പദപ്രയോഗങ്ങളും നടത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരം അഭിപ്രായ പ്രകടനത്തിന് നിയമനടപടി കൈക്കൊള്ളുന്നതാണ്.

WEBSITE ASSISTANT
Ad